**ഇഹ്സാൻ**

# ഇന്റലിജൻസിന്റെ സ്വന്തം 'മൗലാന'മാർ

**ഇന്ത്യയുടെ** ക്രിക്കറ്റ് ടീം ട്വന്റി 20 ലോകകപ്പ് ജയിച്ച് മുംബൈയിൽ എത്തിച്ചേർന്ന ദിവസം അന്ധേരിയിലെ റെയിൽവേ സ്റ്റേഷനിൽനിന്ന് ആറു ബോംബുകൾ കണ്ടെടുത്തുവെന്ന വാർത്ത ആരെങ്കിലും ശ്രദ്ധിച്ചുവോ? ബോംബുകൾ പിടികൂടുന്നതിനെ ആഘോഷമാക്കുന്ന മഹാരാഷ്ട്ര പോലീസ് പൊടുന്നനെ സംയമനത്തിന്റെ വഴി തേടി എന്നതാണ് ഈ വാർത്തയെ ശ്രദ്ധേയമാക്കിയത്. ക്രിക്കറ്റ് എന്ന പണാത്തുതത്തിന്റെ ലോകത്ത് ആഘോഷം തിമിർക്കുന്നതിനിടെ ഇല്ലാക്കഥയുമായി പൊട്ടിവീണ് രസംകൊല്ലിയാവരുതെന്ന് തോന്നിയതുകൊണ്ടായിരുന്നോ ഈ നയംമാറ്റം? ആണെന്ന് തോന്നുന്നില്ല. ഇന്ത്യയുടെ ദേശീയ അഭിമാനം ജ്വലിച്ചുനിൽക്കുന്ന വേളയിൽ ലശ്കറെ ത്വയ്യിബയും ജയ്ശെ മുഹമ്മദും ബോംബുകളുമായി പ്രത്യക്ഷപ്പെടാനുള്ള സാധ്യത വിശദീകരിക്കാൻ പോലീസിന് അൽപം പോലും ബുദ്ധിമുട്ട് ഉണ്ടാവുമായിരുന്നില്ല. കേട്ടതുപാതി കേൾക്കാത്തതു പാതി ജനം വിശ്വസിച്ചേനെ. പക്ഷേ ഏതോ 'വിവരംകെട്ട' പോലീസുകാരൻ ബോംബുമായി വന്നവനെ കൈയോടെ പിടികൂടിയതാണ് രാജ്യത്തിന് മറ്റൊരു നടുക്കം കൂടി സമ്മാനിക്കാനുള്ള ഈ 'സുവർണാവസരം' 'സുരക്ഷാ ഏജൻസി'കൾക്ക് ഇല്ലാതാക്കിയത്. രാജീവ് ജയ്ഗോവിന്ദ് സിംഗ്, സൗമിത്രബാദൽ റോയി എന്നിവരാണ് പിടിയിലായത്. ജയ്ഗോവിന്ദ് സിംഗിന്റെ പുറത്തെ ചാക്കിനെ കുറിച്ച് പാറാവിലുള്ള പോലീസുകാർക്ക് സംശയം തോന്നിയതുകൊണ്ടാണ് കെട്ടഴിപ്പിച്ചത്. സിംഗ് നൽകിയ വിവരമനുസരിച്ച് റോയിയെ പിന്നീട് പോലീസ് കസ്റ്റഡിയിലെടുത്തു. റോയിയുടെയും സിംഗിന്റെയും ബോംബായതുകൊണ്ട് പോലീസ് കമീഷണർ രാകേഷ് മരിയയെ ഉദ്ധരിച്ച് വെറും നാലുവരി വാർത്തയിൽ പി.ടി.ഐ ഇക്കാര്യം റിപ്പോർട്ടു ചെയ്ത് ഒതുക്കി.

സിംഗിനെ ചാക്കുകെട്ട് സഹിതം പിടികൂടിയില്ല എന്നുവെക്കുക. ഈ ബോംബുകൾ പൊട്ടിത്തെറിച്ചിരുന്നു എന്നും സങ്കൽപിക്കുക. വാർത്താ ഏജൻസിയിൽനിന്നും ആരംഭിക്കുകയും വാർത്താ മാധ്യമങ്ങളിൽ പടരുകയും ചെയ്ത ഈ ഉദാസീനതയുടെ മറ്റൊരു രൂപം കാണാനാവുമായിരുന്നു. ഏത് സിംഗെന്നോ എന്ത് ബോംബെന്നോ ഇപ്പോൾ ആർക്കും ഒരു താൽപര്യവുമില്ലാത്ത അവസ്ഥയായിരിക്കില്ല ഉണ്ടാവുക. ആളും പേരുമില്ലാതെയാണ് ബോംബുകൾ കണ്ടെടുത്തതെങ്കിലും പോലീസും മാധ്യമങ്ങളും ഈ സംഭവത്തെ ആഘോഷമാക്കിയേനെ. റെയ്ഡിനിടെ പിടികൂടിയ 'ലശ്കർ കുഞ്ഞുങ്ങളെ' ടെലിവിഷൻ ക്യാമറകൾക്കു മുമ്പിൽ നിരത്തിനിർത്തി ഈ നിർണായകമായ വിവരം എങ്ങനെ ലഭിച്ചു എന്നതിനെ കുറിച്ച് നക്ഷത്രം പതിച്ച കുപ്പായമിട്ട കാക്കി ഏമാന്മാർ കണ്ണിറുക്കി ഗീർവാണമടിച്ചേനെ. മഹാരാഷ്ട്ര പോലീസിന്റെ കാര്യത്തിൽ പ്രത്യേകിച്ചും ഈ പക്ഷപാതിത്വത്തിന് എണ്ണമറ്റ മുൻകാല കേസുകളുടെ പിൻബലമുണ്ട്. നന്ദേഡിലെ രണ്ട് 'ഹിന്ദുത്വ ബോംബ്' സ്ഫോടനങ്ങൾ അവർ ഒതുക്കിയതും മഹാരാഷ്ട്രയുടെ വിവിധ ഭാഗങ്ങളിൽ ഇത്തരം നിരവധി ബോംബുകൾ വാർത്തകൾ സഹിതം നിർവീര്യമാക്കിയതും മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഭീകരതാവിരുദ്ധ സെല്ലാണ്.

രണ്ടു വർഷം മുമ്പ് അഹ്മദ് നഗറിൽ ശങ്കർ ഷെൽക്കെ എന്നൊരാളുടെ കടയിൽനിന്ന് 195 കിലോഗ്രാം ആർ.ഡി.എക്സും അവ അടക്കം ചെയ്ത് ബോംബുണ്ടാക്കുന്ന കവചങ്ങളും പോലീസ് കണ്ടെടുത്ത സംഭവം ഉദാഹരണം. ഒരു നഗരത്തിൽ ഭീതി പടർത്താൻ വെറും രണ്ട് കിലോ ആർ.ഡി.എക്സ് ധാരാളമാണെന്നോർക്കുക. പക്ഷേ ഈ ബോംബുകൾ ടി.വി ക്യാമറുകൾക്കു മുമ്പിൽ നിരത്തിവെച്ച് ആരും വാർത്താ സമ്മേളനം വിളിച്ചില്ല. ശങ്കർ ഷെൽക്കെയുടെ കാര്യം മിക്ക പത്രങ്ങളുടെയും അഹ്മദ് നഗർ എഡിഷനിൽ ഒതുങ്ങി. ആർ.ഡി.എക്സിന് ഒരു പ്രത്യേക മതമുണ്ടെന്ന വിശ്വാസത്തിലായിരുന്നല്ലോ എഡിറ്റർമാർ. ഈ കടയുടമ പിറ്റേ ദിവസം ആത്മഹത്യ ചെയ്തതോടെ അതേകുറിച്ച അന്വേഷണവും അവസാനിച്ചു. അദ്ദേഹത്തിന്റെ കടയിൽനിന്ന് പിടിച്ചെടുത്ത 'ബോംബ് മസാല' ആർക്കു വേണ്ടിയായിരുന്നെന്ന ചോദ്യത്തിന് പിന്നീടൊരിക്കലും പോലീസ് ഉത്തരം തേടിയില്ല.

ഒരു സമൂഹത്തെ ഭീകരവൽക്കരിക്കാൻ ആസൂത്രിതമായി നടക്കുന്ന ഈ നീക്കങ്ങൾക്ക് അടിക്കുറിപ്പെഴുതാൻ പാകത്തിൽ ഒരു വാർത്ത കശ്മീരിൽനിന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. തിഹാർ ജയിലിന്റെ അതിസുരക്ഷാ വാർഡിലെ എട്ടാം നമ്പർ സെല്ലിൽനിന്ന് ഇർശാദ് അലിയും സഹതടവുകാരനായ നവാബ് കമറും പ്രധാനമന്ത്രിക്ക് അയച്ച ഒരു കത്താണ് അവിശ്വസനീയമെന്നു പറയാവുന്ന ചില വിവരങ്ങൾ പുറത്തുവിട്ടത്. കശ്മീരിൽ ലശ്കറെ ത്വയ്യിബയെ സൃഷ്ടിച്ചെടുക്കുന്നതിന് ഇന്റലിജൻസ് പണം ചെലവിട്ട് ആളെ നിയോഗിച്ചിട്ടുണ്ട് എന്നതിന്റെ തെളിവുകളാണ് അഞ്ചു പേജുള്ള ഈ കത്തിലുള്ളത്. പഴയ മട്ടിൽ തീവ്രവാദികളെ കിട്ടാൻ ഇല്ലാതായതോടെ പുതിയ ചെറുപ്പക്കാരെ കണ്ടെത്തി ജിഹാദിലേക്ക് ആകർഷിക്കാനും അവർക്ക് ആയുധങ്ങൾ നൽകാനും ഇന്റലിജൻസിന്റെ 'മൗലാനമാർ' കശ്മീരിൽ പ്രവർത്തിക്കുന്നുണ്ടെന്നും തങ്ങളെ വീഴ്ത്തിയത് ഇത്തരമൊരു മൗലാനയാണെന്നും ഇവർ എഴുതിയ കത്തിൽ ആരോപിക്കുന്നു. ചെറുപ്പക്കാരുമായി ബന്ധം സ്ഥാപിച്ചുകഴിഞ്ഞാൽ വിവരം തന്റെ ആസ്ഥാനത്ത് അറിയിക്കുകയും വലയിൽവീണവരെ കസ്റ്റഡിയിലെടുക്കുകയുമാണത്രെ രീതി. ജിഹാദിനെ കുറിച്ച് നെടുങ്കൻ പ്രഭാഷണങ്ങൾ നടത്തി യുവാക്കളുടെ മനസ്സിളക്കുന്നതിന് ഇന്റലിജൻസുകാർ ഉപയോഗിക്കുന്നത് കീഴടങ്ങിയ തീവ്രവാദികളെയാണ്. പൊക്കിൾ വരെ എത്തുന്ന താടിയും തലപ്പാവുമൊക്കെയായി കാഴ്ചയിൽ നല്ല 'ഈമാനുള്ള' മൗലാനമാരെയാണ് ഈ ജോലിക്ക് നിയോഗിക്കുക. എത്രത്തോളമെന്നു വെച്ചാൽ ആവശ്യമായ ആയുധ പരിശീലനം നൽകുന്നതിന് അതിർത്തിയിലെ ചില ഗ്രാമങ്ങളിൽ ഇന്റലിജൻസുകാർ മദ്റസകൾ പോലും നടത്തുന്നുണ്ടത്രെ.

ഉള്ള ഭീകരനെ എതിരിടുകയല്ല ഭീകരനെ ഉണ്ടാക്കി എതിരിടലായി പുതിയ കാലത്തിന്റെ രീതി. പരിശോധനയില്ലാത്ത ഫണ്ടും കണക്കിൽപെടുത്താത്ത ആയുധങ്ങളും ഒപ്പം മൊസാദിന്റെ 'സുരക്ഷാ ഉപദേശ'വും എല്ലാറ്റിനുമുപരി അമേരിക്കയോടുള്ള അടിമത്തവും ചേരുമ്പോൾ ബോംബിനും ഭീകരന്നും ഒരു മതത്തിന്റെ അടയാളങ്ങൾ നൽകുക എന്നതു മാത്രമായി ഒതുങ്ങുകയാണ് ഭീകരതക്കെതിരെയുള്ള കേന്ദ്രസർക്കാറിന്റെ സമരം. തീ കൊണ്ട് തീ കെടുത്താനാവില്ല, വെള്ളം തളിക്കണം എന്ന ആപ്തവാക്യം ഓർമിപ്പിച്ചുകൊണ്ട് ഇർശാദ് അലിയുടെ കത്ത് സമാപിക്കുന്നതിങ്ങനെ: 'ഈ ഏജൻസികൾക്ക് ഒരിക്കലും താങ്കളുടെ രാജ്യത്തെ സുരക്ഷിതമാക്കാൻ കഴിയില്ല. കൂടുതൽ അരക്ഷിതത്വവും ഭീകരതയുമാണ് അവർ സൃഷ്ടിക്കുന്നത്. തീ കെടുത്താൻ അവർ കോരിയൊഴിക്കുന്നത് വെള്ളമല്ല, പെട്രോളാണ്. താങ്കൾ അടിയന്തരമായി ഇടപെട്ട് ഈ നീക്കങ്ങൾക്ക് തടയിടണം'

അമേരിക്കയുടെ വിശ്വസ്തവിധേയന്മാർ ഭരിക്കുന്ന കാലത്ത് ഇർശാദിന് അഴിയെണ്ണാമെന്നല്ലാതെ ഇതൊക്കെ ആരുകേൾക്കാൻ!